ഉത്തരം

(എ) 101 കേസുകൾ.

(ബി) 2462 പേർ.

(സി) (1) വിദ്യാർത്ഥികൾക്കുനേരെ തിരുവനന്തപുരം ജില്ലയിൽ ജലപീരങ്കി ചാവടിമുക്കിലും, ടിയർ സ്മോക്ക് ഗ്രനേഡ് (സ്റ്റൺലാക്ക് ഗ്രനേഡ്) ചാവടിമുക്കിൽ മൂന്നുപ്രാവശ്യവും, കണ്ണീർ വാതക ഷെൽ (എൽ.ആർ.ഷെൽ) ഒരു പ്രാവശ്യവും, മൺവിളയിൽ സ്റ്റൺലാക്ക് ഗ്രനേഡ് 2 പ്രാവശ്യവും, എ. കെ. ജി. സെന്ററിനും യൂണിവേഴ്സിറ്റി കോളേജിനും സമീപത്തായി 22 കണ്ണീർവാതക ഷെല്ലും (എൽ. ആർ. ഷെൽ) 10 സ്റ്റൺലാക്ക് ടിയർ സ്മോക്ക് ഗ്രനേഡും, ഒരു 3 വേ ടിയർ സ്മോക്ക് ഗ്രനേഡും പ്രയോഗിച്ചു. പാളയം ഫ്ളൈ ഓവറിൽ 4 കണ്ണീർവാതക ഷെല്ലും (എൽ.ആർ. ഷെൽ) 4 സ്റ്റൺലാക്ക് ടിയർ സ്മോക്ക് ഗ്രനേഡും പ്രയോഗിച്ചിട്ടുണ്ട്.

(2) കാക്കനാട് കൗൺസലിംഗ് സെന്ററിനു സമീപം ജലപീരങ്കി ഒരു പ്രാവശ്യവും, ലാത്തിച്ചാർജ് ഒരു പ്രാവശ്യവും സ്റ്റൺലാക്ക് ടിയർ സ്മോക്ക് ഗ്രനേഡ് എട്ടു പ്രാവശ്യവും ടിയർ സ്മോക്ക് സ്രിംഗർ ഗ്രനേഡ് ഒന്നും ഉപയോഗിച്ചിട്ടുണ്ട്.

(3) കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ പരിധിയിൽ ഐ.എം.ജി.ക്കു സമീപം 41 ടിയർ സ്മോക്ക് ഗ്രനേഡുകളും 6 പ്രാവശ്യം ജലപീരങ്കിയും, മൂന്നുതവണ കണ്ണീർവാതകവും, മൂന്നുതവണ ലാത്തിച്ചാർജും നടത്തിയിട്ടുണ്ട്. കസബ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ രണ്ടു പ്രാവശ്യം കണ്ണീർവാതകം പ്രയോഗിച്ചു.

(ഡി) ക്രമസമാധാനത്തിനായി പോലീസിനെ നിയോഗിക്കുമ്പോൾ ചെലവാകുന്ന തുക കണക്കാക്കാറില്ല.

1996-2001 കാലഘട്ടത്തിലെ രാഷ്ട്രീയ കൊലപാതകങ്ങൾ

34 [2464] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മേയ് മാസം മുതൽ 2001 ഏപ്രിൽ വരെ സംസ്ഥാനത്താകെ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നതെന്നും ഏതെല്ലാം രാഷ്ട്രീയപാർട്ടി പ്രവർത്തകരാണ് ഓരോ സംഭവങ്ങളിലും കൊല്ലപ്പെട്ടതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 73 രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly